രക്ഷയുടെ പാതയിൽ–3



# ജീവദാതാവായ ദൈവം

3

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 5

# രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം



ദൈവം സൃഷ്ടിച്ച മനുഷ്യർ ദൈവത്തിനെതിരായി പാപം ചെയ്തു. ദൈവം അവരെ ശിക്ഷിക്കുകയും ചെയ്തു. എന്നാൽ അവരെ ഉപേക്ഷിക്കാൻ ദൈവം തയ്യാറായില്ല. അവിടുന്ന് പാപികളെപ്പോലും സ്നേഹിച്ചു. അവരെ പാപത്തിൽനിന്നു രക്ഷിക്കാൻ വഴികൾ ഒരുക്കി.



**അബ്രാഹം** എന്നൊരാളെ ദൈവം ഇതിനായി പ്രത്യേകം വിളിച്ചു. **ഹാരാൻ** എന്ന ദേശത്താണ് അബ്രാഹം വസിച്ചിരുന്നത്. **സാറാ** ആയിരുന്നു അബ്രാഹത്തിന്റെ **ഭാര്യ.** അവർ രണ്ടുപേരും കർത്താവിനെ അനുസരിച്ച് ജീവിച്ചിരുന്നു.

കർത്താവ് അബ്രാഹത്തോട് അരുളിച്ചെയ്തു: നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും (ഉൽപത്തി 12:1–3).



കർത്താവ് അബ്രാഹത്തിന് പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തു:
ഈ നാട് നിന്റെ സന്തതികൾക്കു
ഞാൻ കൊടുക്കും (ഉൽപത്തി 12:7).

അബ്രാഹത്തിനും സാറായ്ക്കും ദൈവം
പറഞ്ഞതുപോലെ ഒരു മകൻ ജനിച്ചു
അവന്റെ പേര് ഇസഹാക്ക്.



ഇസഹാക്കിനും പുത്രന്മാരുണ്ടായി–
ഏസാവും യാക്കോബും.
യാക്കോബിന് പന്ത്രണ്ടു പുത്രൻന്മാർ.

യാക്കോബിന്റെ സന്തതിപരമ്പരയെ ഇസ്രായേൽ എന്നാണ് വിളിക്കുന്നത്.




യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരിൽ
ഒരാളായിരുന്നു ജോസഫ്.

യാക്കോബിന് ഏറ്റവും ഇഷ്ടമുള്ള മകനായിരുന്നു അവൻ.



എന്നാൽ അവന്റെ സഹോദരന്മാരിൽ ചിലർ അവനെവെറുത്തു. അവർ അവനെ ഈജിപ്ത്തുകാർക്ക് വിറ്റു. എന്നാൽ ദൈവം അവന്റെ കൂടെ ഉണ്ടായിരുന്നു. ദൈവപരിപാലനയാൽ അവൻ ഈജിപ്തിന്റെ അധിപനായി നിയമിതനായി.





യാക്കോബിന്റെ മക്കൾ താമസിച്ചിരുന്ന കാനാൻ ദേശത്ത് വലിയ ക്ഷാമം ഉണ്ടായി. അവർ ഗോതമ്പുവാങ്ങുവാനായി ഈജിപ്തിലെ ഫറവോയുടെ അടുത്തെത്തി. ഭരണാധികാരിയായ ജോസഫ് തന്റെ സഹോദരന്മാരെ തിരിച്ചറിഞ്ഞു. അവൻ അവരെ ഈജിപ്തിൽ കൊണ്ടുവന്ന് പാർപ്പിച്ചു. അങ്ങനെ ഇസ്രായേൽക്കാർ ഈജിപ്തിൽ വസിക്കാൻ തുടങ്ങി.



ജോസഫ് മരിച്ചുകഴിഞ്ഞപ്പോൾ ഈജിപ്തുകാർ അവരെ അടിമകളാക്കി മാറ്റി. അവർ അവരെ പലതരത്തിലും പീഡിപ്പിച്ചു. ദൈവം മോശ എന്ന പ്രവാചകനെ തെരഞ്ഞെടുത്ത് അവനിലൂടെ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് അവരെ രക്ഷിച്ചു. അവയെല്ലാം ദൈവം നല്കിയ രക്ഷയുടെ വഴികളായിരുന്നു.



പാപത്തിന് അടിമകളായിത്തീർന്ന മനുഷ്യരെ രക്ഷിക്കുവാനായിട്ടാണ് ദൈവം ഈ വഴികളെല്ലാം ഒരുക്കിയത്. മനുഷ്യരെ രക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയിൽ ഒരു പ്രധാന സ്ഥാനം ഇസ്രായേലിനുണ്ട്. എന്തെന്നാൽ ഇസ്രായേൽ വംശത്തിൽനിന്നാണ് മനുഷ്യരക്ഷയ്ക്കായി ഈശോ ജനിച്ചത്.



# നമുക്കുപ്രാർത്ഥിക്കാം

പാപികളെ സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ വഴിയൊരുക്കുകയും ചെയ്യുന്ന ദൈവമേ, നന്മ ചെയ്ത് വളരാൻ എനിക്ക് അനുഗ്രഹം നൽകണമേ.



# നമുക്കു പാടാം



മാനവമക്കൾക്കു രക്ഷയേകാൻ
ദൈവമൊരുക്കിയ പദ്ധതിയിൽ
അബ്രാഹം ഇസഹാക്ക് യാക്കോബിവർ
പൂർവ്വപിതാക്കളായ് വാണിടുന്നു

യാക്കോബിൻ മക്കളാം പന്ത്രണ്ടുപേർ
ഇസ്രായേൽ വംശത്തിൻ ഗോത്രങ്ങളായ്
ഈജിപ്തിൻ അടിമത്തം പൂകിയപ്പോൾ
മോചകനായന്ന മോശയെത്തി.

Thank you